# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ് 1**

**2023 ഓഗസ്റ്റ് 19**

---

## സദ്ഭാവനാ ദിനാചരണം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സദ്ഭാവനാ ദിനാചരണം നടത്തി. ഇന്ന്(ഓഗസ്റ്റ് 20) അവധിയായതിനാലാണ് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ഓഗസ്റ്റ് 20ന് നടത്തേണ്ട ദിനാചരണം ഇന്നലെ സംഘടിപ്പിച്ചത്.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സദ്ഭാവനാദിന പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, പഠന വകുപ്പ് മേധാവികൾ, സംഘടനാ പ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1010/2023)

## എം.ജിയിൽ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻറ് എക്സ്റ്റൻഷനിൽ എം.എ കൗൺസലിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

എതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് 23ന് രാവിലെ 11ന് ഡിപ്പാർട്ട്മെൻറിൽ നേരിട്ട് എത്തണം.ഫോൺ: 8301000560.

....................

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിൽ(ഐ.എം.പി.എസ്.എസ്) പഞ്ചവത്സര ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസ് കോഴ്സിൽ എസ്.സി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഈ വിഭാഗക്കാരുടെ അഭാവത്തിൽ ഒ.ഇ.സി, എസ്.ഇ.ബി.സി വിഭാഗങ്ങളിലുള്ളവരെ പരിഗണിക്കും. 45 ശതമാനം മാർക്കോടെ പ്ലസ് ടു വിജയിച്ച എസ്.സി വിഭാഗക്കാരെയാണ് പരിഗണിക്കുന്നത്.

താല്പര്യമുള്ളവർ എസ്.എസ്.എൽ.സി, പ്ലസ് ടു യോഗ്യതകളും ജാതി,

വരുമാനം എന്നിവയും തെളിയിക്കുന്ന രേഖകൾ, ടി.സി, സി.സി എന്നിവയുടെ അസലുമായി ഓഗസ്റ്റ് 22ന് ഐ.എം.പി.എസ്.എസ് ഓഫീസിൽ ഹാജരാകണം. ഫോൺ: 9717039874

(പി.ആർ.ഒ/39/1011/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്(നാലു വർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം - 2022 അഡ്മിഷൻ റഗുലർ, 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ സെപ്റ്റംബർ 19ന് ആരംഭിക്കും.

സെപ്റ്റംബർ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. സെപ്റ്റംബർ ഏഴു വരെ പിഴയോടു കൂടിയും സെപ്റ്റംബർ എട്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1012/2023)

## തീസീസ് മൂല്യനിർണയം, വൈവ വോസി

പത്താം സെമസ്റ്റർ ബി.ആർക്ക് - ജൂൺ 2023(റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ തീസീസ് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ ഏഴ്, എട്ട് തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1013/2023)

## പ്രോജക്ട്, വൈവ വോസി

ജൂണിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 21,22 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/1014/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എ ജെ.എം.സി - ജൂലൈ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥികൾക്ക്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 11,12 തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൻറെ പുല്ലരിക്കുന്ന് കാമ്പസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1015/2023)

## പരീക്ഷാ ഫലം

ഈ വർഷം ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഡിഗ്രി ഇൻ ഹോട്ടൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(20142019 അഡ്മിഷനുകൾ സപ്ലിമെൻററി - പഴയ സ്കീം, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

................................

കഴിഞ്ഞ മാർച്ചിൽ നടത്തിയ മൂന്നും നാലും സെമസ്റ്ററുകൾ എം.എ പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ, 2016-2018 അഡ്മിഷൻ സപ്ലിമെൻററി, 2014-2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1016/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**